# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 271

## 29.6.2016 ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം എം.എൽ.എ | | ഉത്തരം<br>Dr.T.M. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിരുന്ന എത്ര പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ല എന്നതു സംബന്ധിച്ച കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ളതിൽ നിർമ്മാണ പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ലാത്തവ സംബന്ധിച്ച കണക്ക് സർക്കാരിന്റെ പക്കലില്ല. |
| (ബി) | പല കാരണങ്ങളാലും നിർമ്മാണം മുടങ്ങുകയോ ആരംഭിക്കാൻ കഴിയാതിരിക്കുകയോ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ അനുമതി റദ്ദാക്കുകയും ഈ തുക പുതിയ പദ്ധതികൾക്കായി മാറ്റി നൽകുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | 12.4.2016 ലെ 33/2016/ധന നമ്പർ സർക്കുലർ പ്രകാരം 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേക്കായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ റദ്ദ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾക്ക് പകരമായി 1.4.2016 ന് ശേഷം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്